http://www.kufos.ac.in/
YKhBB-hqD-oqFH-SAnrN
Document 2026/101/7542 - GENERAL( modified version of 2026/7512/101) - File No. 2026/101/1912
Approved by Registrar on 27/03/2026 10:46:49
KUFOS HQRS,Panangad, Ernakulam

# കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല

നം.ജി എ 2/1912/2026 തീയതി 03/2026

## സർക്കുലർ

വിഷയം : കെ ഡിസ്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം' എന്ന പരിപാടിയിൽ ഇന്നോവേഷൻ ഫെല്ലോകളായി ഉദ്യോഗസ്ഥരെ പങ്കാളികളാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്:-

സൂചന: എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ, കെ ഡിസ്കിന്റെ 18.03.2026 തീയതിയിലെ ഇ മെയിൽ

കെ ഡിസ്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം' എന്ന പരിപാടിയിൽ ഇന്നോവേഷൻ ഫെല്ലോകളായി ഉദ്യോഗസ്ഥരെ പങ്കാളികളാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.താല്പര്യമുള്ളവർ https://kdisc.kerala.gov.in/en/oloi-one-local-government-one-idea എന്ന വെബ്സൈറ്റ് സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു.

രജിസ്ട്രാർ

സ്വീകർത്താവ്:

1 ഡീൻമാർ

2. പ്രോഗ്രാമർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

Panangad P.O. 682 506, kochi, Kerala, India. Phone : 91 484 2700964; Fax : 91 484 2700337 Email :- utypanangad@kufos.ac.in

**Dr. K.M. Abraham CFA**
Former Chief Secretary to
Government of Kerala &
Former Whole Time Member, Securities
and Exchange Board of India (SEBI)

K-DISC
Kerala Development and Innovation Strategic Council
**EXECUTIVE VICE CHAIRPERSON**
Ex-Officio Secretary to Government
Plg. & Econ. Affairs
(Development and Innovation)

**നം. 961/2026/KDISC/L-259** **തീയതി: 17.03.2026**

സർ/ മാഡം

***വിഷയം: കെ-ഡിസ്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം" എന്ന പരിപാടിയിൽ ഇന്നൊവേഷൻ ഫെല്ലോകളായി ഉദ്യോഗസ്ഥരെ പങ്കാളികളാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്:***

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ അധിഷ്ഠിത വികസനം സാധ്യമാക്കുന്നതിന്, കെ-ഡിസ്കിൻ്റെ (K-DISC) നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് **'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം' (OLOI).** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങൾക്ക് സാമ്പ്രദായിക രീതികളിൽ നിന്നും വിഭിന്നമായി, നൂതനാശയങ്ങളെ അടിസ്ഥാനപ്പെടുത്തിയ പരിഹാരങ്ങൾ കണ്ടെത്തി എല്ലാവരെയും ഉൾച്ചേർത്ത്, തുല്യതയിലും സുസ്ഥിരതയിലും അധിഷ്ഠിതമായതുമായ വികസനം സാധ്യമാക്കാനാണ് OLOI പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ സർക്കാർ-അക്കാദമിക-വ്യവസായ സംരംഭകത്വ-സിവിൽ സൊസൈറ്റി സംവിധാനങ്ങൾ കണ്ണിചേർന്നുള്ള ക്വാഡ്രിപ്പിൾ ഹെലിക്സ് ഇന്നൊവേഷൻ മാതൃകയിൽ (Quadruple Helix Innovation Model) ഇന്നൊവേഷൻ ഇക്കോ സിസ്റ്റം രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. ഇതു സാധ്യമാക്കുന്നതിനായുള്ള സംഘടനാ രൂപമായി കേരളത്തിലെ 21 ബ്ലോക്ക് പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ **ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾ** ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും ഇന്നൊവേഷൻ അധിഷ്ഠിത വികസനം സാധ്യമാക്കുന്നതിനുമായാണ് **'ഇന്നൊവേഷൻ ഫെല്ലോ'** സംവിധാനം രൂപീകരിച്ചിരിക്കുന്നത്.

ഇന്നൊവേഷൻ അധിഷ്ഠിതമായ പരിഹാര മാർഗ്ഗങ്ങൾ ആവശ്യമുള്ള ഒരുപിടി വികസന പ്രശ്നങ്ങൾ 21 ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളിൽ ഇതിനോടകം കണ്ടെത്തിയിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള പുത്തനാശയ പരിഹാരങ്ങൾ രൂപീകരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ചുക്കാൻ പിടിക്കുന്ന ഒരു **'പ്രാദേശിക ഇന്നോവേഷൻ ചാമ്പ്യൻ'** എന്ന നിലയിലാണ് ഇന്നൊവേഷൻ ഫെല്ലോ പ്രവർത്തിക്കേണ്ടത്. മറ്റു ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ഇന്നൊവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കുന്ന മുറയ്ക്ക് ഈ ഫെല്ലോ സംവിധാനം വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇന്നൊവേഷൻ സാധ്യമാക്കുന്നതിനുള്ള ഉയർന്ന തല പരിശീലനങ്ങൾ ഇന്നൊവേഷൻ ഫെല്ലോകൾക്ക് നൽകുന്നതാണ്. ഇതൊരു ഡെപ്യൂട്ടേഷൻ ചുമതലയല്ല എന്നും ഒരു സന്നദ്ധ പ്രവർത്തനമാണെന്നും എന്ന് പ്രത്യേകം അറിയിക്കുന്നു. ഇത് സംബന്ധിച്ച വിശദമായ കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു.

ഇത് സംബന്ധിച്ചുള്ള നിർദേശങ്ങൾ താങ്കളുടെ വകുപ്പിലെ ഉദോഗസ്ഥർക്ക് നല്കണമെന്നും, അതിനാവശ്യമായ പിന്തുണ നൽകണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റ് ഉൾപ്പെടെയുള്ള മറ്റ് സാമൂഹ്യ മാധ്യമങ്ങളടക്കമുള്ളവയിലൂടെ, പരമാവധി പ്രചാരണം ഇക്കാര്യത്തിൽ നല്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

വിശ്വാസപൂർവ്വം,

**ഡോ കെ.എം. എബ്രഹാം**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്**

3rd Floor, India Heights, Government Women's College Road, Vazhuthacaud, Thycaud P.O - 695014, Thiruvananthapuram, Kerala, India
Tel: (Mob) +91 8547497773 E-mail : evc@kdisc.kerala.gov.in

**കേരളത്തിലെ 21 ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളിലേക്ക് ഇന്നൊവേഷൻ ഫെല്ലോയെ ക്ഷണിക്കുന്നു**

കെഡിസ്ക്, കില, തദ്ദേശ സ്വയം ഭരണ വകുപ്പ് ചേർന്നു നടപ്പിലാക്കുന്ന ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളിലേക്ക്, ഇന്നൊവേഷൻ ഫെല്ലോകളെ ക്ഷണിക്കുന്നു. താഴെ പറയുന്ന യോഗ്യതയുള്ളവർക്ക് ഇതിൽ അപേക്ഷിക്കാവുന്നതാണ്.

- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ,.
- അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ.
- വ്യത്യസ്ത മേഖലകളിൽ പ്രവർത്തി പരിചയമുള്ള സാമൂഹിക പ്രവർത്തകർ
- അപേക്ഷകർ അതാത് വിഷയ മേഖലകളിൽ ഏറ്റവും കുറഞ്ഞത് 5 വർഷം പ്രവർത്തി പരിചയമുള്ളവരായിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക: https://kdisc.kerala.gov.in/en/oloi-one-local-government-one-idea/

അവസാന തീയതി 2026 മാർച്ച് 30.

## ഇന്നൊവേഷൻ ഫെല്ലോ

ഇന്നൊവേഷൻ അടിസ്ഥാനപെടുത്തിയ ഒരു വികസനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധ്യമാക്കുന്നതിനായി കെഡിസ്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരാശയം(OLOI). വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങൾക്ക് സാമ്പ്രദായിക രീതിയിലെ പ്രശ്ന പരിഹാരത്തിൽ നിന്നും വിഭിന്നമായി ഇന്നൊവേഷൻ അടിസ്ഥാനപ്പെടുത്തിയ പരിഹാരം കണ്ടെത്തി എല്ലാവരെയും ഉൾച്ചേർക്കുന്നതും, തുല്യതയിലും, സുസ്ഥിരതയിലും അടിസ്ഥാനപ്പെടുത്തിയതുമായ വികസനം സാധ്യമാക്കുന്നതിനായാണ് OLOI പരിപാടി ശ്രമിച്ചു വരുന്നത്.

OLOI പരിപാടിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചയാത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനപ്പെടുത്തി ക്വാഡ്രിപ്പിൾ ഹെലിക്സ് ഇന്നൊവേഷൻ മാതൃകയിൽ ഇന്നൊവേഷൻ ഇക്കോ സിസ്റ്റം രൂപീകരിക്കുന്ന പ്രവർത്തനം നടത്തി വരുകയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ 21 ബ്ലോക്ക് പഞ്ചായത്തുകളിൽ ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ രൂപികരിച്ചു പ്രവർത്തനം നടത്തി വരികയാണ്. ഈ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇന്നൊവേഷൻ ഫെല്ലോ സംവിധാനം രൂപീകരിച്ചിരിക്കുന്നത്.

**ഇന്നൊവേഷൻ ഫെല്ലോ ലക്ഷ്യങ്ങൾ:**

- ഇന്നൊവേഷൻ ഇക്കോ സിസ്റ്റം രൂപീകരണം ശക്തിപ്പെടുത്തൽ.
- തദ്ദേശസ്ഥാപനങ്ങൾ, സംരംഭങ്ങൾ, ജനകീയ സംഘടനകൾ എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമിവുമായ പിന്തുണകൾ ആവശ്യമുള്ളതുമായ പ്രശ്നങ്ങളെ തിരിച്ചറിയലും, അവയുടെ പ്രശ്ന പരിഹാരത്തിന് വേണ്ടി ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിലൂടെ വിഭാവനം ചെയ്തിട്ടുള്ള പ്രക്രിയയിലൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കലും ഉറപ്പാക്കൽ.
- ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പൽ ഇന്നോവേഷൻ പ്ലാൻ തയ്യാറാക്കൽ പ്രക്രിയ്ക്ക് സാങ്കേതിക പിന്തുണ നൽകൽ.

**ഇന്നൊവേഷൻ ഫെല്ലോ ചുമതലകൾ:**

- ബ്ലോക്ക് പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റീസ് ഓഫ് പ്രാക്റ്റിസ്സ് എന്നിവയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ലോക്കൽ ഇന്നവേറ്റർമാർ, വകുപ്പുകൾ, മിഷനുകൾ എന്നിവയുമായി ബന്ധിപ്പിക്കുക.

- ബ്ലോക്കിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, സിവിൽ സമൂഹ കളക്ടീവുകൾ, വകുപ്പുകൾ, ഏജൻസികൾ, ബ്ലോക്ക് പ്രദേശത്തുള്ള ലോക്കൽ ഇന്നവേറ്റർമാരെ എന്നിവരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്ന നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിച്ചു അക്കാദമിക സ്ഥാപനങ്ങളുമായും കമ്മ്യൂണിറ്റീസ് ഓഫ് പ്രാക്റ്റിസുമായും മറ്റു സംവിധാനങ്ങളുമായും ബന്ധിപ്പിക്കുകയും അവയുടെ സാക്ഷാത്കാരത്തിന് വേണ്ട പിന്തുണ നൽകുകയും ചെയ്യുക .(ലോക്കൽ ഇന്നോവേഷൻ )
- അക്കാദമിക സ്ഥാപനങ്ങൾ വിവിധ തലങ്ങളിലെ COP കൾ എന്നിവരുമായി സഹകരിച്ച് പ്രശ്ന പരിഹാരത്തിനുള്ള പിന്തുണകൾ നൽകുക, കൂടാതെ വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക. (knowledge connect )
- ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പ്രവർത്തനത്തിനാവശ്യമായ വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനും, നൂതനാശയങ്ങൾക്കും പദ്ധതികൾക്കും വേണ്ട ഫണ്ടിംഗ് സാദ്ധ്യതകൾ ഉൾപ്പെടെയുള്ള വിഭവ സമാഹരണങ്ങൾക്ക് വേണ്ട പിന്തുണ നൽകുക.
- ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ സ്ഥാപനവൽക്കരിക്കുന്നതിനും (Institutionalise) ചെയ്യുന്നതിനും, കൂടുതൽ സമ്പുഷ്ടമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അത് വഴി ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ എന്ന സംവിധാനം ചലനാത്മകമാക്കുക.
- കമ്മ്യൂണിറ്റീസ് ഓഫ് പ്രാക്റ്റിസ്സ് സംവിധാനത്തെ കൂടുതൽ ശക്തമാക്കുന്ന പ്രവർത്തനത്തിനാവശ്യമായ പിന്തുണ നൽകുക, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനത്തിനത്തിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രശ്ന പരിഹാരത്തിനും , മാറ്റം സൃഷ്ടിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുക.
- തദ്ദേശസ്ഥാപനങ്ങൾ, സംരംഭങ്ങൾ, ജനകീയ സംഘടനകൾ എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമിവുമായ പിന്തുണകൾ ആവശ്യമുള്ളതുമായ പ്രശ്നങ്ങളെ തിരിച്ചറിയുകയും അവയുടെ പ്രശ്നപരിഹാരത്തിന് വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
- ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിലൂടെയുള്ള പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

**ഇന്നൊവേഷൻ ഫെല്ലോ അവസരങ്ങൾ:**

- പുതിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ,
- മികച്ച അക്കാദമിക സ്ഥാപനങ്ങൾ മറ്റു മേഖല അടിസ്ഥാനപ്പെടുത്തിയ വിവിധ സംവിധാനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരങ്ങൾ.
- എക്സ്പോഷർ സന്ദർശനങ്ങൾക്കുള്ള അവസരങ്ങൾ.

- പുതിയ മേഖലകളിൽ പരിശീലനങ്ങൾക്ക് ഉള്ള അവസരങ്ങൾ.
- യഥാർത്ഥ യാത്ര ബത്ത മാത്രം അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

**ഇന്നൊവേഷൻ ഫെല്ലോ ആർക്കൊക്കെ പങ്കെടുക്കാം:**

- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ,.
- അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ.
- വ്യത്യസ്ത മേഖലകളിൽ പ്രവർത്തി പരിചയമുള്ള സാമൂഹിക പ്രവർത്തകർ
- അപേക്ഷകർ അതാത് വിഷയ മേഖലകളിൽ ഏറ്റവും കുറഞ്ഞത് 5 വർഷം പ്രവർത്തി പരിചയമുള്ളവരായിരിക്കണം.

**ഇന്നൊവേഷൻ ഫെല്ലോ എങ്ങനെ പങ്കാളികളാകാം:**

ഇന്നവേഷൻ ഫെല്ലോ ആവാൻ താത്പര്യള്ളവർ താഴെ പറയുന്നവ ഉൾപ്പെടുത്തി അപേഷിക്കേണ്ടതാണ്.

- വിശദമായ ബയോഡാറ്റ.
- പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി നൂതനാശയ രൂപീകരണത്തിനും, നൂതന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും എന്തൊക്കെ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കുന്ന ഒരു വിശദമാ്യ സ്റ്റേറ്റ്മെന്റ് ഓഫ് പർപ്പസും (Statement of Purpose).
- നിലവിൽ ഉള്ള ജോലിക്ക് പുറമെയുള്ള പ്രവർത്തനമായിട്ടു വേണം ഈ ചുമതല ഏറ്റെടുക്കേണ്ടത്.
- 2026 മാർച്ച് 30നു മുൻപ് ഇതുമായി ബന്ധപ്പെട്ടു അപേക്ഷ സമർപ്പിക്കണം.

**പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ**

- ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ല ഇന്നൊവേഷൻ ഫെല്ലോ പ്രവർത്തനങ്ങൾ ചെയ്യേണ്ടത്, വോളണ്ടറി പ്രവർത്തനമായിട്ടാണ് ഇന്നൊവേഷൻ ഫെല്ലോ പ്രവർത്തനം രൂപകൽപന ചെയ്തിട്ടുള്ളത്.
- മറ്റു ആനുകൂല്യങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായിരിക്കുന്നതല്ല. യാത്ര ബത്ത മാത്രം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്നതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ഒരു എൻ. ഓ. സി. ഷോർട് ലിസ്റ്റ് ചെയ്യുന്ന മുറക്ക് സമർപ്പിക്കുക കൂടി വേണം.